പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 6267

08-07-14 – ൽ മറുപടിയ്ക്ക്

**ട്രഷ് ഫിഷ് വേട്ടയും ലൈറ്റ് ഫിഷിംഗും തടയാൻ നടപടി**

ചോദ്യം

ഉത്തരം

| | ശ്രീ.എ.എം.ആരിഫ് | | ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി |
|---|---|---|---|
| (എ) | പല മത്സ്യബന്ധന മേഖലകളിലും സർക്കാരും ഹൈക്കോടതിയും നിരോധിച്ച ട്രഷ് ഫിഷ് വേട്ടയും ലൈറ്റ് ഫിഷിംഗും വ്യാപകമായി നടക്കുന്നതായും ഇതിന് ഉദ്യോഗസ്ഥർ കൂട്ടുനിൽക്കുന്നതായുമുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കൊല്ലം ജില്ലയിലെ തങ്കശ്ശേരിയിൽ ട്രഷ് ഫിഷ് വേട്ടയും ലൈറ്റ് ഫിഷിംഗും നടക്കുന്നതായും, കോഴിക്കോട് ജില്ലയിലെ ബേപ്പൂർ കേന്ദ്രീകരിച്ച് ട്രഷ് ഫിഷ് വേട്ട നടക്കുന്നതായും പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ ഫിഷിംഗിന് ഉദ്യോഗസ്ഥർ കൂട്ടുനിൽക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| ബി) | ഇതിനെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ? | (ബി) | ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സംസ്ഥാനത്താകമാനം ഇതിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന് ഫിഷറീസ് ഡയറക്ടർ മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിനും, ജില്ലാ ഫിഷറീസ് ആഫീസർക്കും, ഫിഷറീസ് സ്റ്റേഷൻ ഉദ്യോഗസ്ഥന്മാർക്കും, നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മറൈൻ എൻഫോഴ്സ്മെന്റ് ആന്റ് വിജിലൻസ് വിംഗിന്റെ നേതൃത്വത്തിൽ പട്രോളിംഗ് നടത്തുകയും, കടലിൽവെച്ച് മത്സ്യബന്ധന യാനങ്ങളുടെ പരിശോധന ഉൾപ്പെടെയുള്ള ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനുപുറമെ ഇത്തരം മത്സ്യബന്ധന രീതികൾക്കെതിരെ പത്രത്തിലൂടെ മുന്നറിയിപ്പ് നൽകുകയും മറൈൻ എൻഫോഴ്സ്മെന്റിന്റെ സഹായത്തോടെ പരിശോധന കർശനമാക്കുകയും ചെയ്തിട്ടുണ്ട്. കോസ്റ്റ് ഗാർഡ്, നേവി എന്നീ ഏജൻസികളുടെ സഹകരണവും ഈ വിഷയത്തിൽ ഉറപ്പു വരുത്തിയിട്ടുണ്ട്. |

Jayasreen

സെക്ഷൻ ഓഫീസർ